ഭെൽ ഇ.എം.എൽ കമ്പനിയേയും ജീവനക്കാരെയും സംരക്ഷിക്കാൻ സത്യാഗ്രഹം 9 മുതൽ

കാസർകോട്: കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനമായ ബെദ്രഡുക്കയിലെ ഭെൽ ഇ.എം.എൽ കമ്പനി ഉടൻ തുറന്ന് പ്രവർത്തിപ്പിക്കുക, കൈമാറ്റനടപടികൾ അടിയന്തിരമായി പൂർത്തിയാക്കുക, ജീവനക്കാരുടെ ശമ്പളമുൾപ്പടെയുള്ള മുഴുവൻ ആനുകൂല്യങ്ങളും വിതരണം ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ഭെൽ ഇ.എം.എൽ സംരക്ഷണ സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ നവംബർ 9മുതൽ 12 വരെ ദിവസങ്ങളിൽ കാസർകോട് ഒപ്പ് മരച്ചുവട്ടിൽ റിലേ സത്യാഗ്രഹം നടത്തുന്നതാണ്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് കൊണ്ട് നടത്തുന്ന സത്യാഗ്രഹം ഓരോ ദിവസവും രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകുന്നേരം 5 മണിക്ക് സമാപിക്കും. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന കെൽ കമ്പനിയുടെ കാസർകോട് യൂണിറ്റാണ് 2011 മാർച്ച് 28 മുതൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെല്ലിന് 51 ശതമാനം ഓഹരി പങ്കാളിത്തത്തോടെ ഭെൽ ഇ.എം.എൽ കമ്പനിയായി മാറിയത്. 2016ൽ ഭെല്ലിന്റെ ഓഹരികൾ കൈയ്യൊഴിയാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയും ഓഹരികൾ ഏറ്റെടുത്ത് പഴയത് പോലെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനമാക്കി മാറ്റാൻ 2017 ജൂൺ 12ന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും കൈമാറ്റ കരാർ ഒപ്പ് വെക്കാനുള്ള അനുമതി 2019 സെപ്തമ്പർ 5ന് നടന്ന മന്ത്രിസഭാ യോഗം നൽകുകയും അത് സംബന്ധിച്ച സർക്കാർ ഉത്തരവ് 2019 സെപ്തമ്പർ 7 ന് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭിക്കാത്തതിനാൽ നടപടികൾ സ്തംഭിച്ചിരിക്കയാണ്. ജീവനക്കാർക്ക് രണ്ട് വർഷമായി ശമ്പളം ലഭിക്കുന്നില്ല. പി.എഫ് വിഹിതം അടക്കാത്തതിനാൽ വിരമിക്കുന്ന ജീവനക്കാർക്ക് നാമമാത്രമായ പെൻഷൻ പോലും ലഭിക്കുന്നില്ല. 25 മുതൽ 30 വർഷം വരെ ജോലി ചെയ്ത് വിരമിക്കുന്ന ജീവനക്കാർക്ക് ഗ്രാറ്റിവിറ്റി പോലും ലഭിക്കാതെ വെറും കൈയ്യോടെ പിരിഞ്ഞ് പോകേണ്ടി വരുന്നു.

പ്രവർത്തന മൂലധനമില്ലാത്തതിനാൽ ഉല്പാദനം നിലക്കുകയും ചെയ്തു. ലോക്ക് ഡൗൺ കൂടി വന്നതോടെ 2020 മാർച്ച് 20ന് അടച്ചിട്ട കമ്പനി ഇത് വരെ തുറന്നിട്ടില്ല. തുടർച്ചയായി അടച്ചിടുന്നത് കാരണം മെഷീനറികൾ തുരുമ്പെടുത്ത് നശിച്ച് കൊണ്ടിരിക്കുന്നു.

ജീവനക്കാർക്ക് ശമ്പളം നൽകണമെന്ന ഹൈക്കോടതി വിധി നടപ്പാക്കിയില്ല. കൈമാറ്റ നടപടികൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കണമെന്ന് ഹൈക്കോടതി ഇപ്പോൾ ഉത്തരവിട്ടിരിക്കുന്നു. നിലവിലുള്ള സ്ഥിതി ഇനിയും തുടർന്നാൽ ജില്ലയിലെ ഏക പൊതുമേഖലാ വ്യവസായ സ്ഥാപനം ഇല്ലാതാവുമെന്ന ഘട്ടത്തിലാണ് തൊഴിലാളി സംഘടനകൾ സംയുക്തമായി സമരസമിതി രൂപീകരിക്കുകയും പ്രത്യക്ഷ സമര പരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്യുന്നത്.

ക്ഷയരോഗ നിർമ്മാർജ്ജനം: പുല്ലൂർ–പെരിയക്ക് അക്ഷയ പുരസ്ക്കാരം

പെരിയ: കുട്ടികളിലെ ക്ഷയരോഗ നിർമ്മാർജ്ജന രംഗത്ത് നേട്ടം കൈവരിച്ച് പുല്ലൂർപെരിയ. ക്ഷയരോഗ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ആരോഗ്യ മേഖലയിൽ മാനദണ്ഡങ്ങൾ കനുസരിച്ച് നേട്ടം കൈവരിക്കാനായതിന്റെ അഭിമാനത്തിലാണ് പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തകർ. 2019 വർഷത്തിൽ കുട്ടികളുടെ ക്ഷയരോഗം പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞതോടൊപ്പം നിലവിലുള്ള ക്ഷയരോഗ ബാധിതർ മരുന്ന് മുടക്കാതെ ചികിത്സയിൽ നിലനിർത്താൻ കഴിഞ്ഞതും ഈ നേട്ടത്തിന് ഇടയാക്കി. ജില്ലയിൽ കിനാനൂർ കരിന്തളം, ചെറുവത്തൂർ, വലിയപറമ്പ് തുടങ്ങി പത്തോളം പഞ്ചായത്തുകളാണ് സംസ്ഥാന തലത്തിലുള്ള പുരസ്ക്കാരത്തിന് അർഹത നേടിയത്.പഞ്ചായത്തിൽ നടന്ന ചടങ്ങിൽ മെഡിക്കൽ ഓഫീസർ ഡോ.ടി.എ.രാജ് മോഹൻ പുരസ്ക്കാരം പഞ്ചായത്ത് പ്രസിഡന്റ് ശാരദഎസ്.നായർക്ക് കൈമാറി.പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. കൃഷ്ണൻ ആധ്യക്ഷം വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷൻ ബി.വി. വേലായുധൻ, ടി.ബിന്ദു, എം ഇന്ദിര, എ.സന്തോഷ് കുമാർ, സീനിയർ ട്രീറ്റ്മെന്റ് ഓഫീസർ സി.സുകുമാരൻ, ഹെൽത്ത് ഇൻസ്പെക്ടർ ലത, ഹെൽത്ത് സൂപ്പർവൈസർ പി.കെ.അശോകൻ തുടങ്ങിയവർ സംസാരിച്ചു.

നീലേശ്വരം നഗരസഭ സമ്പൂർണ്ണ പെൻഷൻ നഗരം

നീലേശ്വരം: നീലേശ്വരം നഗരസഭ സമ്പൂർണ്ണ പെൻഷൻ നഗരമായി മാറി. 2015 ൽ ചുമതലയേറ്റ ഇപ്പോഴത്തെ കൗൺസിൽ ആദ്യത്തെ ബജറ്റ് സമ്മേളനത്തിൽ ഈ കൗൺസിലിന്റെ കാലയളവിൽ നീലേശ്വരത്തെ സമ്പൂർണ്ണ പെൻഷൻ നഗരമായി മാറ്റുമെന്ന് പ്രഖ്യാപിച്ചത് നഗരസഭ യാഥാർത്ഥ്യമാക്കുകയായിരുന്നു. 2015 ൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളിലായി 3900 ഗുണഭോക്താക്കളാണ് പെൻഷൻ വാങ്ങിയിരുന്നുവെങ്കിൽ അത് 6709 പെൻഷൻ ഗുണഭോക്താക്കളായി വർദ്ധിപ്പിച്ചുകൊണ്ടാണ് ഇപ്പോഴത്തെ കൗൺസിൽ അധികാരമൊഴിയുന്നത്. നഗരസഭാ ഓഫീസിൽ ലഭിക്കുന്ന പെൻഷൻ അപേക്ഷകളിമേൽ സമയബന്ധിതമായി ഉദ്യോഗസ്ഥർ അന്വേഷണം നടത്തുകയും, അതിന്റെ തുടർ അവലോകനം ക്ഷേമകാര്യ സ്ഥിരം സമിതി കാര്യക്ഷമതയോടെ നിർവ്വഹിക്കുകയും ചെയ്തതുകൊണ്ടാണ് സംസ്ഥാനത്തെ ആദ്യത്തെ പെൻഷൻ നഗരം എന്ന പദവി നീലേശ്വരത്തിന് ലഭിച്ചത് എന്ന് നഗരസഭാ ചെയർമാൻ പ്രൊഫ. കെ.പി. ജയരാജൻ അഭിപ്രായപ്പെട്ടു. ഇതോടൊപ്പം ബാങ്കുകൾ വഴി നടത്തുന്ന പെൻഷൻ വിതരണം കൃത്യമായി നിർവ്വഹിക്കുന്നതിന് എല്ലാ കൗൺസിലർമാരും എപ്പോഴും മുൻകൈയ്യെടുത്തിരുന്നു എന്നത് നീലേശ്വരത്തെ പെൻഷൻ വിതരണ സംവിധാനത്തിലെ പ്രത്യേകതയാണ്. നീലേശ്വരത്തെ സമ്പൂർണ്ണ പെൻഷൻ നഗരമായി മാറാൻ സഹായിച്ച റവന്യൂ വിഭാഗത്തിലെയും ആരോഗ്യ വിഭാഗത്തിലെ ജീവനക്കാരെയും, അങ്കണവാടി വർക്കർമാരെയും, പെൻഷൻ വിതരണം സുതാര്യമായി നിർവ്വഹിച്ച വിവിധ ബാങ്ക് അധികൃതരെയും, നഗരസഭാ ചെയർമാൻ പ്രൊഫ. കെ.പി. ജയരാജനും, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ പി. രാധയും അഭിനന്ദിച്ചു.

ഗ്രീൻ എർത്ത് മൂവ്മെന്റ് നാളെ ഉദ്ഘാടനം ചെയ്യും

കാസർകോട്: ജില്ലയിലും പരിസര പ്രദേശങ്ങളിലും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളിൽ സാങ്കേതിക ഉപദേശം നൽകുന്നതിനും , പദ്ധതി നടപ്പിലാക്കുന്നതിനും സഹായം നൽകുന്നതിനായി ശാസ്ത്രജ്ഞരുടെ കൂട്ടായ്മയായ ഗ്രീൻ എർത്ത് മൂവ്മെന്റ് യോഗ പരിപാടി നാളെ ഉച്ചയ്ക്ക് 2.30 ന് കലക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് ജില്ലാ കലക്ടർ ഡി.സജിത് ബാബു ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മുഖ്യാതിഥി സി.പി.സി.ആർ ഐ ഡയറക്ടർ ഡോ. അനിതാ കരുൺ ജെമിന്റെ ലക്ഷ്യങ്ങളും കാഴ്ചപ്പാടും വിവരിക്കുന്ന ബ്രോഷർ പ്രകാശനം ചെയ്യും.

കുട്ടിപ്പോലീസ് യൂണിറ്റ് ഉദ്ഘാടനം നാളെ

തച്ചങ്ങാട് : ഈ അധ്യയനവർഷം മുതൽ കുട്ടിപ്പൊലീസ് യൂണിറ്റ് അനുവദിച്ച തച്ചങ്ങാട് ഗവ.ഹൈസ്കൂളിന്റെ എസ്.പി.സി. യൂണിറ്റ് കെ.കുഞ്ഞിരാമൻ എം എൽ എ നാളെ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കണ്ണൂർ ജില്ല ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ദാമോദരൻ മുഖ്യാതിഥിയാവും. ജില്ലാ എസ്.പി.സി. നോഡൽ ഓഫീസർ സതീഷ് കുമാർ, കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി. വിനോദ് കുമാർ എം.പി, പള്ളിക്കര ഗ്രാമ പഞ്ചായത്തംഗം പി. ലക്ഷ്മി. കെ.വി. പുഷ്പ, മനോജ് കുമാർ വി.വി സംബന്ധിക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ വിശിഷ്ട സേവനത്തിനുള്ള പൊലീസ് മെഡൽ നേടിയ ബേക്കൽ സ്റ്റേഷൻ ഹൗസ് ഓഫീസർ എ.അനിൽകുമാറിനെ അനുമോദിക്കും. കൂടാതെ പൂർവ്വവിദ്യാർത്ഥികളായ സുജിത്ത്, രഞ്ജിത്ത് എന്നിവർ നിർമ്മിച്ച് നൽകിയ ഇൻഫോ ട്രീ സമർപ്പണവും ഉദ്ഘാടനത്തോടനുബന്ധിച്ച് നടക്കും.

മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്

ലഘു ദർഘാസ് പരസ്യം (സാധാരണ/ടെണ്ടർ മുഖേന)
e-mail:secmanjeswar@gmail.com, Ph: 04998272238

No.MJR-SEC 1/20 Window No.G139960/2020

59 ഹൈമാസ്റ്റ് ലൈറ്റുകൾ എ. എം. സി
57 എസ്. ടി കുടിവെള്ള ടാങ്ക്
333 സിസി ക്യാമറ സ്ഥാപിക്കൽ
ദർഘാസ് ഫോറങ്ങൾ ലഭിക്കുന്ന അവസാന തീയ്യതി, സമയം : ടെണ്ടർ: 10/11/2020 3.00 PM
ദർഘാസ് രജിസ്റ്റേർഡ് പോസ്റ്റ്/ സ്പീഡ് പോസ്റ്റ് ആയി ലഭിക്കേണ്ട അവസാന തീയ്യതി, സമയം : 16–11–2020, 11.00 AM
ദർഘാസ് തുറക്കുന്ന തീയ്യതി, സമയം : 16–11–2020, 12.00 PM
അടങ്കൽ തുകയും, ദർഘാസ് ഫീസും : വെബ്സൈറ്റിൽ മുകളിൽ പറഞ്ഞ വിൻഡോ നമ്പറിൽ ലഭ്യമാക്കിയിട്ടുണ്ട്.
നിരതദ്രവ്യം : അടങ്കൽ തുകയുടെ 2.50 ശതമാനം
ദർഘാസ് പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വെബ് സൈറ്റുകൾ : http://tender.lsgkerala.gov.in/pages/ displayTender.php

പ്രവൃത്തികളെ സംബന്ധിച്ച വിശദ വിവരങ്ങൾ മുകളിൽ പറഞ്ഞിട്ടുള്ള വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തി സമയങ്ങളിൽ പഞ്ചായത്ത് കാര്യാലയത്തിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

59 ഹൈമാസ് ലൈറ്റുകൾക്ക് എഎംസി– കുഞ്ചത്തൂർ ടൗൺ, മഞ്ചേശ്വരം നിയർ ബ്ലോക്ക് പഞ്ചായത്ത്, ഹൊസങ്കടി ടൗൺ എന്നീ മൂന്ന് ഹൈമാസ്റ്റ് ലൈറ്റുകൾക്ക് ടെണ്ടർ മുഖേന രണ്ട് വർഷം വരെ മെയിന്റനൻസ് കോൺട്രാക്ട് (AMC).

57 എസ്ടി കുടിവെള്ള ടാങ്ക്– 500 ltr. ISI Certified PVC water tank
58 സിസി ക്യാമറ സ്ഥാപിക്കൽ – CC camera working with solar, 30 days Backup and access through web-wireless.

മഞ്ചേശ്വരം 03–11–2020 ഒപ്പ്, സെക്രട്ടറി മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്

എൻമകജെ ഗ്രാമപഞ്ചായത്ത് കാര്യാലയം

പെർള പി. ഒ, കാസർകോട് ജില്ല
നമ്പർ: SC1/4100/2020

ടെണ്ടർ/ഇ – ടെണ്ടർ പരസ്യം

എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2020 – 21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പെർള ബസ്സ് വെയിറ്റിംഗ് ഷെഡ് – ടോയ്ലറ്റ് നിർമ്മാണം എന്നീ പ്രവർത്തികൾ ചെയ്യുന്നതിന് അംഗീകൃത കരാറുകാരിൽ/ സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടർ ഓൺലൈനായി ക്ഷണിച്ചു കൊള്ളുന്നു. കൂടുതൽ വിവരങ്ങൾ www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പെർള, 03–11–2020 ഒപ്പ്, സെക്രട്ടറി എൻമകജെ ഗ്രാമ പഞ്ചായത്ത്

ഫലപ്രദമായ പാരമ്പര്യ ചികിത്സ

നിങ്ങൾക്കുണ്ടാകുന്ന ബലഹീനത, നാഡി തളർച്ച, ഞരമ്പു തളർച്ച, ശ്രീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, ദാമ്പത്യപരാജയം, വെള്ളപോക്ക്, തരിപ്പ്, കടച്ചിൽ, വേദന, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ കൂടാതെ എല്ലാവിധ രോഗങ്ങൾക്കും സ്വന്തം മരുന്നുകൾ ഉണ്ടാക്കി കൊടുത്ത് 44ൽപരം വർഷങ്ങളായി കാസർകോട്ട് ചികിത്സിച്ചുവരുന്നു. പാരമ്പര്യ വൈദ്യർ

എം. എച്ച്. ചൗധരി
ഡോ. ഷക്കീൽ ചൗധരി BAMS
അവർകളെ നേരിൽ കാണുക
ഭാരത് ഡിസ്പെൻസറി
(പാരമ്പര്യ ചികിത്സാലയം)
ഫോർട്ട് റോഡ് കാസർകോട്

സന്ദർശന സമയം രാവിലെ 8.30 മണി മുതൽ രാത്രി 7.30മണി വരെ എല്ലാ ദിവസവും സന്ദർശിക്കാം.
Mob: 9446060021, 9446090021 ഫോൺ: 04994 226115

NOTICE

My S.S.L.C Certificate (Reg. No 106365) Year March 2012 has been irrecoverably lost and it is decided to submit an application for the duplicate S.S.L.C Certificate before the Secretary to the Commissioner for Govt. Examinations (in the prescribed form) as per approved procedure. Those who have any objection to issue a duplicate S.S.L.C Certificate to me may file their objection before the Secretary, Board of public Examinations, Pareeksha Bhavan,Poojappura, Thiruvananthapuram with in 15 days from the date of this advertisement.

KRISHNAPRABHA.K NAIR
D/O.KRISHNAN KUTTY
CHC QUARTERS, KUMBLA,
KUMBLA P.O, Kasaragod Dist,
Pin-671321, Ph: 8848066588

IN THE COURT OF THE SUBORDINATE JUDGE OF, KASARAGOD

OS NO.25/2020

Between:
Aboobacker siddique ..... Plaintiff
And
C.M.Hamsa and others ..... Defendants

Notice

To:
D3 Shafeeque M.P, S/o.M.P.Abdulla, R/at Kota Road, Kopra Bazar, Mogral Village and Post, Manjeshwar Taluk, D4 Hajirabi, W/o.Ismail, R/at Kidithiya Manzil, Kopra Bazar, Mogral Village and Post, Manjeshwar Taluk

Please take notice that the above Suit, I.A No.2/2020 (Attachment petition) and I.A No.6/2020 (Injunction Petition) stands posted for your appearance on 18/11/2020 at 11.00 A.M. If you fail to appear either in person or through an Advocate before this court, the matter will be decided in your absence after setting you Ex-parte.

(By order of the Court)

Sd/-
B.Ramakrishna Bhat
Advocate for the plaintiff

Kasaragod,
02-11-2020

100 ദിവസങ്ങൾ പദ്ധതികൾ

125 പൊതുവിദ്യാലയങ്ങൾ കൂടി മികവിന്റെ കേന്ദ്രങ്ങളാകുന്നു

LDF സർക്കാരിന്റെ വാഗ്ദാനം പാലിക്കപ്പെടുന്നു

46 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം

79 സ്കൂൾ കെട്ടിടങ്ങളുടെ ശിലാസ്ഥാപനം

ഉദ്ഘാടനം
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

2020 നവംബർ 4 • വൈകിട്ട് 3
(വീഡിയോ കോൺഫറൻസിലൂടെ)

GHSS അയ്യൻകോയിക്കൽ (ഒന്നാം ഘട്ടം)
വെള്ളമുണ്ട GHSS മയ്യനാട് (ഒന്നാം ഘട്ടം)
GGHSS ചേർത്തല (സി ബ്ലോക്ക്)
GHSS പാണ്ടിക്കാട്
GHSS എളമക്കര (ഒന്നാം ഘട്ടം)
പേരൂർ ഗവ. മീനാക്ഷി വിലാസം VHSS (ഒന്നാം ഘട്ടം)
GHS. പെരുമ്പഴുതൂർ
GVHSS കല്ലറ
GHSS വള്ളിക്കീഴ്
GAVBHS തഴവ
GHSS അങ്ങൽ വെസ്റ്റ്
GHSS കൊച്ചന്നൂർ

ആധ്യക്ഷ്യം
പ്രൊഫ. സി. രവീന്ദ്രനാഥ്
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

മുഖ്യപ്രഭാഷണം
ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യം -കയർ വകുപ്പ് മന്ത്രി

മുഖ്യാതിഥികൾ
ശ്രീ. ഇ.പി. ജയരാജൻ
ബഹു. വ്യവസായം, കായികം, യുവജനകാര്യ വകുപ്പ് മന്ത്രി
ശ്രീ. എ.കെ. ബാലൻ
ബഹു. പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ, നിയമ, സാംസ്കാരിക പാർലമെന്ററികാര്യ വകുപ്പ് മന്ത്രി
ശ്രീ. എ.സി. മൊയ്തീൻ
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
ശ്രീ. പി. തിലോത്തമൻ
ബഹു. ഭക്ഷ്യ -പൊതുവിതരണ വകുപ്പ് മന്ത്രി
ശ്രീമതി കെ. രാജു
ബഹു. ഇന്ധ്യബന്ധനം കശുവണ്ടി വ്യവസായം വകുപ്പ് മന്ത്രി
ശ്രീ. കെ. രാജു
ബഹു. വനം -ഗൃഗസംരക്ഷണം, ഗൃഗശാല വകുപ്പ് മന്ത്രി
അഡ്വ. വി.എസ്. സുനിൽകുമാർ
ബഹു. കൃഷി വകുപ്പ് മന്ത്രി
ശ്രീ. കെ. കൃഷ്ണൻകുട്ടി
ബഹു. ജലവിഭവ വകുപ്പ് മന്ത്രി
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി

ഉദ്ഘാടനം

തിരുവനന്തപുരം GUPS പെരിങ്ങമ്മല • GLPS മാരായമുട്ടം • GLPS തോന്നക്കൽ • ഗവ.സെൻട്രൽ HS അട്ടക്കുളങ്ങര • **കൊല്ലം** GHSS പുത്തൂർ GSNDPUPS പട്ടത്താനം • **ആലപ്പുഴ** GLPS കണ്ണനാംകുഴി • KKKSGHS കരുമാടി • **പത്തനംതിട്ട** GLPS ചുരക്കോട് • GSVLPS കൊടുമൺ • **ഇടുക്കി** PLPS പെരുമ്പിള്ളിച്ചിറ • **കോട്ടയം** PTMGHSS വെള്ളൂർ – പാമ്പാടി • GHS വടവാതൂർ • **എറണാകുളം** GUPS കുറുമശ്ശേരി • **തൃശ്ശൂർ** GHSS അയ്യന്തോൾ പ്ലാൻ ഫണ്ട് • GHSS അയ്യന്തോൾ എംഎൽഎ ഫണ്ട് • GLPS കേച്ചേരി • GUPS വരടിയം • GMBHS കുന്നംകുളം GUPS മങ്ങംപറമ്പ് • GVHSS ദേശമംഗലം • GVHSS ചാലക്കുടി • **മലപ്പുറം** GUPS പുല്ലൂർ • GLPS കൊടശ്ശേരി • GUPS ചെറുവണ്ണൂർ • GLPS താഴെക്കോട് • **പാലക്കാട്** GUPS ചെർപ്പുളശ്ശേരി • **വയനാട്** GHSS തരിയോട് • GHSS അച്ചൂർ • GHSS പനങ്കണ്ടി • GHSS പെരിക്കല്ലൂർ • **കോഴിക്കോട്** ഗവ.സംസ്കൃതം HSS മേപ്പയിൽ വടകര • **കണ്ണൂർ** AKSGHSS മലപട്ടം • GLPS മുഴപ്പിലങ്ങാട്

ശിലാസ്ഥാപനം

തിരുവനന്തപുരം GUPS പോത്തൻകോട് • GMBHSS ആറ്റിങ്ങൽ • GHS പോങ്ങനാട് • GHSS തട്ടത്തുമല • GHS കൊടുവഴന്നൂർ • GHSS അരുവിക്കര • GVHSS വിതുര • GHS വെയ്ലൂർ നമ്പർ വൺ • GHS വെയ്ലൂർ എസ്.എസ്.കെ • GHS കുടവൂർക്കോണം • GHSS കുളത്തുമ്മൽ • GHS കരിപ്പൂർ • **കൊല്ലം** GHSS ഓച്ചിറ • GHSS പുന്നല • GUPS ചവറ സൗത്ത് • GHSS ശാസ്താംകോട്ട • GPVHS പെരുങ്കുളം • GHSS പള്ളിമൺ • GGVHSS വാളത്തുങ്കൽ • GBHSS വാളത്തുങ്കൽ • GHS കോയിക്കൽ • TKDMHS ഉളിയക്കോവിൽ • GSNDPUPS പട്ടത്താനം • **ആലപ്പുഴ** GUPS തമ്പകച്ചുവട് • GLPS മാരാരിക്കുളം • SCMV GUPS പൂങ്കാവ് – ചെട്ടിക്കാട് • HS-GLPS കലവൂർ • GUPS ആര്യാട് നോർത്ത് • VVSDLPS പാതിരപ്പള്ളി • GUPS പൂന്തോപ്പിൽഭാഗം • ഹരിജനോദ്ധാരണി GLPS ചെന്നിത്തല • **പത്തനംതിട്ട** GUPS പൂഴിക്കാട് • GHSSഒVHSS പത്തനംതിട്ട • **ഇടുക്കി** GHSS വാഗമൺ • GLPS വാഴത്തോപ്പ് • GUPS പൈനാവ് • **മലപ്പുറം** GLPS എടപറ്റ • GHSS അരീക്കോട് • GMLPS പൂക്കുത്ത് • **പാലക്കാട്** GHSS കല്ലിങ്കൽപാടം • GHS ബെമ്മന്നൂർ • GBUPS തത്തമംഗലം • GUPS തത്തമംഗലം • GUPS കൊഴിഞ്ഞമ്പാറ • BGHSS വണ്ണാമട • GHS നന്നിയോട് • GUPS നല്ലേപ്പിള്ളി • GUPS ചളവ • GHS നെച്ചുള്ളി • GHSS കൊടുമുണ്ട • GLPS വട്ടേനാട് • GHS നാഗലശ്ശേരി • GHS കൊടുമുണ്ട വെസ്റ്റ് • GHS വല്ലപ്പുഴ • GHS വിളയൂർ • GUPS നരിപറമ്പ് • CBKMGHSS പുതുപരിയാരം • GHS ഉമ്മിണി • GUPS കരിമ്പ • GUPS എടത്തറ • GHS മുന്നൂർക്കോട് • GUPS കടമ്പഴിപ്പുറം • GHS മാണിക്യപറമ്പ് • GHSS മാരായമംഗലം • GHSS ഷൊർണൂർ • GHS മുടപ്പല്ലൂർ • GHS കുമ്പിഴേരി • GHSS തെങ്കുറിശ്ശി • GUPS പുതിയങ്കം • **കോഴിക്കോട്** GLPS കഴുത്തുട്ടിപ്പുറായി • GMUPS വേളൂർ • GHS നല്ലളം • **കണ്ണൂർ** GHSS ചാവശ്ശേരി കിഫ്ബി • GHSS ചാവശ്ശേരി പ്ലാൻ • OCS വലിയമാടാവിൽ GUPS • GVHSS സ്പോർട്സ് കണ്ണൂർ • GHSS മുഴപ്പിലങ്ങാട് • GHSS മാലൂർ • **കാസർഗോഡ്** GHSS കുമ്പള

സാന്നിദ്ധ്യം: ബഹു. എം.എൽ.എ മാരായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ • ശ്രീ. ഉമ്മൻചാണ്ടി • അഡ്വ. ബി. സത്യൻ • ശ്രീ. കെ.എസ്. ശബരീനാഥൻ • ശ്രീ. വി. ശശി • ശ്രീ. ഐ.ബി. സതീഷ് • ശ്രീ. സി. ദിവാകരൻ • ശ്രീ. കെ. അൻസലൻ • അഡ്വ. ഡി.കെ. മുരളി • ശ്രീ. സി.കെ ഹരീന്ദ്രൻ • ശ്രീ. വി.എസ്. ശിവകുമാർ • ശ്രീ. കോവൂർ കുഞ്ഞുമോൻ • ശ്രീമതി പി. ഐഷാ പോറ്റി • ശ്രീ. എം. നൗഷാദ് • ശ്രീ. എം. മുകേഷ് • ശ്രീ. ആർ. രാമചന്ദ്രൻ • ശ്രീ. കെ.ബി. ഗണേഷ് കുമാർ • ശ്രീ. ചിറ്റയം ഗോപകുമാർ • ശ്രീമതി വീണാ ജോർജ്ജ് • ശ്രീ. സജി ചെറിയാൻ • ശ്രീ. ആർ. രാജേഷ് • ശ്രീ. പി.ജെ. ജോസഫ് • ശ്രീമതി ഇ.എസ്. ബിജിമോൾ • ശ്രീ. റോഷി അഗസ്റ്റിൻ • ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ • ശ്രീ. റോജി എം. ജോൺ • ശ്രീ. പി.ജെ വിനോദ് • ശ്രീ. കെ.വി. അബ്ദുൾ ഖാദർ • ശ്രീ. മുരളി പെരുമ്പള്ളി • ശ്രീ. അനിൽ അക്കര • ശ്രീ. യു. ആർ. പ്രദീപ് • ശ്രീ. ബി.ഡി. ദേവസി • അഡ്വ. എൻ. ഷംസുദ്ദീൻ • ശ്രീ. വി.ടി. ബലറാം • ശ്രീ. മുഹമ്മദ് മുഹ്സിൻ • ശ്രീ. കെ.വി. വിജയദാസ് • ശ്രീ. പി. ഉണ്ണി • ശ്രീ. പി.കെ. ശശി • ശ്രീ. കെ.ഡി. പ്രസേനൻ • അഡ്വ. എം. ഉമർ • ശ്രീ. പി.കെ. ബഷീർ • ശ്രീ. സി. മമ്മൂട്ടി • ശ്രീ. മഞ്ഞളാംകുഴി അലി • ശ്രീ. സി.കെ. ശശീന്ദ്രൻ • ശ്രീ. ഐ.സി. ബാലകൃഷ്ണൻ • ശ്രീ. സി.കെ. നാണു • ശ്രീ. ജോർജ് എം. തോമസ് • ശ്രീ. വി.കെ.സി മമ്മദ് കോയ • ശ്രീ. പുരുഷൻ കടലുണ്ടി • ശ്രീ. സണ്ണി ജോസഫ് • ശ്രീ. എ.എൻ. ഷംസീർ • ശ്രീ. ജയിംസ് മാത്യു • ശ്രീ. എം.സി. കമറുദ്ദീൻ

കിഫ്ബി, പ്ലാൻഫണ്ട്, നബാർഡ്, എസ്.എസ്.കെ എന്നിവയിലൂടെ 2000 ഓളം സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാകുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
Break the chain
പൊതുവിദ്യാഭ്യാസവകുപ്പ് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ
KITE Kerala Infrastructure and Technology for Education
KIFB